# കേരള സർക്കാർ

## സംഗ്രഹം

തസ്വഭവ - ലോക്കൽ ഗവൺമെൻറ് കമ്മീഷനിലെ ലീഗൽ കൺസൾട്ടന്റ് ശ്രീ.ജോൺസിംഗ് ജയിംസിന് വിടുതൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.41/2018/തസ്വഭവ തിരുവനന്തപുരം, തീയതി 18/04/2018.

---

പരാമർശം:

1. സ.ഉ.(എം.എസ്) നം.216/2006/തസ്വഭവ തീയതി 23/09/2006.
2. സ.ഉ.(എം.എസ്) നം.251/2007/തസ്വഭവ തീയതി 02/11/2007.
3. സ.ഉ.(എം.എസ്) നം.273/2012/തസ്വഭവ തീയതി 22/10/12.
4. സ.ഉ(എം.എസ്) നം.148/2016/തസ്വഭവ തീയതി 21/10/16.
5. സ.ഉ.(എം.എസ്) നം.155/2016/തസ്വഭവ തീയതി 31/10/16.
6. ശ്രീ.ജോൺസിംഗ് ജയിംസിന്റെ 03/04/2018-ലെ അപേക്ഷ.
7. ലോക്കൽ ഗവൺമെൻറ് കമ്മീഷൻ ചെയർമാന്റെ 04/04/18-ലെ 927/17/LGC നമ്പർ കുറിപ്പ്.

### ഉത്തരവ്

കേരള പഞ്ചായത്ത് രാജ്/മുനിസിപ്പൽ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി നിർദ്ദേശിക്കുന്നതിനും അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി പരാമർശം 1-ലെ ഉത്തരവ് പ്രകാരം കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു.

ഇപ്രകാരം രൂപീകരിക്കപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി മൂന്ന് കൺസൾട്ടന്റുമാരെ നിയമിക്കാൻ പരാമർശം 2 പ്രകാരം അനുമതി നൽകുകയുണ്ടായി. ടി ഉത്തരവനുസരിച്ച് ശ്രീ.ജോൺസിംഗ് ജയിംസിനെ കൺസൾട്ടന്റായി കമ്മിറ്റി നിയോഗിച്ചിരുന്നു.

തുടർന്ന് കൺസൾട്ടേറ്റീവ് കമ്മിറ്റി, കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സ്ഥാപനവൽക്കരിക്കുന്നത് ത്വരിതഗതിയിൽ ആക്കുന്നതിനായി പരാമർശം 3 പ്രകാരം രൂപീകരിച്ച ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ഭാഗമാകുകയും ടി കമ്മീഷൻ പരാമർശം 4 പ്രകാരം പുനഃസംഘടിപ്പിക്കുകയും ചെയ്തിരുന്നു. പരാമർശം 5

പ്രകാരം ശ്രീ.ജോൺസിംഗ് ജയിംസിനെ കൺസൾട്ടന്റായി തുടരാൻ അനുവദിച്ചു കൊണ്ടും ഉത്തരവായിരുന്നു.

ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ നിന്നും തന്നെ പിരിയാൻ അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം 6 പ്രകാരം ശ്രീ.ജോൺസിംഗ് ജയിംസും വാർദ്ധക്യ സഹജമായ കാരണങ്ങളാൽ ശ്രീ.ജോൺസിംഗ് ജയിംസിനെ വിട്ടുതൽ ചെയ്യാനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് നൽകണമെന്ന് പരാമർശം 7 പ്രകാരം കമ്മീഷൻ ചെയർമാനും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഗവൺമെൻറ് കമ്മീഷനിൽ ലീഗൽ കൺസൾട്ടന്റായി ജോലി ചെയ്തു വരുന്ന ശ്രീ.ജോൺസിംഗ് ജയിംസിന് വിടുതൽ നല്കാൻ അനുമതി നല്കി കൊണ്ടും പകരം ലജിസ്ലേഷനിലും ലീഗൽ ഡ്രാഫ്റ്റിംഗിലും പ്രാവീണ്യമുള്ള മറ്റൊരാളെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്. ഐ.എ.എസ്.
സെക്രട്ടറി

1. ശ്രീ.ജോൺസിംഗ് ജെയിംസ്, കൺസൾട്ടന്റ്, ലോക്കൽ ഗവൺമെൻറ് കമ്മീഷൻ,സ്വരാജ് ഭവൻ, തിരുവനന്തപുരം.
2. ചെയർമാൻ, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. സെക്രട്ടറി, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
6. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
7. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ